(ഡി) പ്രതിമാസം 1,04,905 രൂപ ശമ്പള ഇനത്തിൽ പവ്വർ ലാണ്ടറിയിലെ ജീവനക്കാർക്ക് ആകെ നൽകിവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി യൂണിറ്റ്

135 (3089) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി യൂണിറ്റ് എന്നാണ് സ്ഥാപിച്ചത് ;

(ബി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചശേഷം നാളിതുവരെ എത്ര രോഗികൾക്ക് ഈ യൂണിറ്റ് ചികിത്സ നൽകിയിട്ടുണ്ട് ;

(സി) ഈ യൂണിറ്റിൽ എത്ര ഡോക്ടർമാരെയും നഴ്സുമാരെയും നിയോഗിച്ചിട്ടുണ്ട് ;

(ഡി) മെഡിസിൻ വിഭാഗത്തിലെ ഉപവിഭാഗമായി പ്രവർത്തിക്കുന്ന ഈ യൂണിറ്റിനെ ഒരു സ്വതന്ത്ര യൂണിറ്റായി മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യം അടിയന്തരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) 2002 മെയ് നാലിന്.

(ബി) 450 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

(സി) മെഡിസിൻ വിഭാഗത്തിന്റെ ഉപവിഭാഗമായി പ്രവർത്തിച്ചുവരുന്ന ഈ യൂണിറ്റിൽ മെഡിസിൻ വിഭാഗത്തിലെ 3 ഡോക്ടർമാരാണ് അധിക ചുമതലയിൽ ജോലി ചെയ്യുന്നത്. നഴ്സുമാരെ നിയോഗിച്ചിട്ടില്ല.

(ഡി&ഇ) പരിഗണനയിലാണ്.

എക്സ്റേ യൂണിറ്റുകൾ

136 (3090) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട് ; അതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തന ക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേടായ എക്സ്റേ യൂണിറ്റുകൾ അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ ഒൻപത് എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട്. ഇതിൽ നാലെണ്ണം പ്രവർത്തനക്ഷമമാണ്.

LIBRARY ARCHIVES Kerala Legislative Assembly